# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 13.06.2014-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 1596

## കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകളുണ്ടെന്നും ആകെ ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ ; | എ) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ആകെ 23 വാർഡുകളുണ്ട്. ആകെ ജനസംഖ്യ 52541 ആണ്. |
| ബി) | കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ; | ബി) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 35.57 ച.കി.മീറ്ററാണ്. |
| സി) | പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവ പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതിയ മറ്റൊരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കുവാൻ സന്നദ്ധമാകുമോ; | സി) & ഡി) | നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി 10.06.2014ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1465/2014/തസ്വഭവ പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിക്കണമോയെന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഡി) | നിലവിലുള്ള ഗ്രാമ പഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമ പഞ്ചായത്ത് രൂപീകരിക്കുന്നതിലേക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ